**Syro Malabar Community**
in the Archdiocese of Vienna
Ordinariate for the Faithful of the Eastern Catholic Churches in Austria
Tivoligassse 20, A - 1120 Vienna
www.iccvienna.org

**1st November 2020** **SMC Bulletin Vol. 15.2**

ഏറ്റവും സ്നേഹമുള്ള **SMC** ഇടവകാംഗങ്ങളെ !

വളരെ വിഷമകരമായ ജീവിത സാഹചര്യങ്ങളിലൂടെയാണല്ലോ നമ്മളും നമ്മുടെ ലോകവും കടന്നുപോകുന്നത്. അസാധാരണമായ ഈ പ്രതിസന്ധിയിൽ നമ്മെ ശക്തിപ്പെടുത്തുന്ന ഊർജ്ജ സ്രോതസ്സാണ് നമ്മുടെ അചഞ്ചലമായ വിശ്വാസവും, സ്നേഹവും, പ്രത്യാശയും. തളരാനോ, തകരാനോ അവ നമ്മെ അനുവദിക്കില്ല. കാരണം, യേശുവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവ് നമ്മുടെ സഹായകനായി എപ്പോഴും നമ്മുടെ കൂടെയുണ്ട്. നശിക്കാനല്ല, ജയിക്കാനാണ് അവിടന്ന് നമ്മെ നിരന്തരം പ്രചോദിപ്പിക്കുന്നത്. ''ജീവിച്ചാലും മരിച്ചാലും കർത്താവിനുവേണ്ടി'' എന്ന ആത്മബോധമാണ് അതിജീവനത്തിന്റെ അമൃതും, അഭിഷേകവും. പരിശുദ്ധ അമ്മയെപ്പോലെ നമുക്കും 'വിശ്വസിച്ച്' ഭാഗ്യവാന്മാരാകാം. താഴെപ്പറയുന്ന നിർദ്ദേശങ്ങളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

1. **വിയന്നായിലെ സീറോ മലബാർ സമൂഹം(SMC):** വിയന്ന അതിരൂപതയുടെതന്നെ ഭാഗമായി 1982 ഏപ്രിൽ ഒന്നിന് സ്ഥാപിതമായ ഇന്ത്യൻ കാത്തലിക്ക് കമ്മ്യൂണിറ്റിയിലെ ഒരു യൂണിറ്റായിരുന്ന സീറോ മലബാർ സമൂഹം 2018 ഒക്ടോബർ ഒന്നിന് ആസ്ട്രിയായിൽ മാർപ്പാപ്പ പ്രഖ്യാപിച്ച പൗരസ്ത്യ കത്തോലിക്കാ സഭാസമൂഹങ്ങളിൽ ഒന്നായി, കർദ്ദിനാൾ ഷേൺബോൺ പിതാവിന്റെ എപ്പിസ്കോപ്പൽ അധികാരത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഒരു പൗരസ്ത്യസഭാ യൂണിറ്റാണ്. ഇവയെ ഒരു ലോക്കൽ കാനോനിക ഇടവകയായി ഉയർത്തിയിട്ടില്ലെങ്കിലും അത്തരമൊരു ഇടവകയുടെ അവകാശങ്ങളും അജപാലന–ആരാധനാ ശുശ്രൂഷകളും നടത്തുവാനും അവയ്ക്കാവശ്യമായ ഡോക്യുമെന്റ്സ് നൽകാനുമുള്ള അംഗീകാരവും അധികാരവും ഇവിടത്തെ സീറോ മലബാർ സമൂഹത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഇവിടെ സീറോ മലബാർ സഭയുടെ ആരാധനാ ക്രമമനുസരിച്ച് വിശുദ്ധ കൂദാശകൾ നടത്തുവാനും, ഡോക്യുമെന്റ്സ് നൽകാനുമുള്ള അധികാരം ഈ സമൂഹത്തിന്റെ ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരിലും അവരുടെ ശുശ്രൂഷാ കേന്ദ്രങ്ങളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്.

ഇവിടെ സ്ഥിരതാമസമാക്കിയ സീറോ മലബാർ സഭാംഗങ്ങളായ എല്ലാ വ്യക്തികളും കുടുംബങ്ങളും ഇവിടത്തെ സീറോ മലബാർ ലിറ്റർജിക്കൽ ഇടവകയിലെ അംഗങ്ങളാണ്. ജന്മം നൽകിയ പിതാവിന്റെ പൈതൃക റീത്ത് അടിസ്ഥാനമാക്കിയാണ് അയാളുടേയും, അയാളുടെ മക്കളുടേയും റീത്ത് ഐഡന്റിറ്റി നിശ്ചയിക്കുന്നത്. ആ രീതിയിൽ മനസ്സിലാക്കിയാൽ വിയന്ന അതിരൂപതയുടെ അതിർത്തിക്കുള്ളിൽ ഏകദേശം 600 സീറോ മലബാർ കുടുംബങ്ങളുണ്ട്. സീറോ മലബാർ സഭയാണ് അവരുടെ മാതൃസഭ. ആയതിനാൽ, വിശുദ്ധ കൂദാശകൾ സ്വീകരിക്കുന്ന കാര്യത്തിലും, ഞായറാഴ്ചകളിലെ ഇടവക കുർബ്ബാനയിൽ പങ്കെടുക്കുന്ന കാര്യത്തിലും കുടുംബ പ്രതിഷ്ഠകൾ നടത്തുന്ന കാര്യത്തിലും നമ്മുടെ പൂർവ്വികരെപ്പോലെ സ്വന്തം സഭാമാതാവിനെ നമുക്ക് മറക്കാതിരിക്കാം. അവഗണിക്കാതിരിക്കാം. മാസത്തിൽ ഒന്നോ രണ്ടോ ഞായറാഴ്ചകളിലെങ്കിലും നമ്മുടെ മാതൃസഭയായ സീറോ മലബാർ സഭയുടെ വിശുദ്ധ കുർബ്ബാനയിൽ കുടുംബ സമേതം പങ്കെടുത്ത് നമ്മുടെ പൈതൃക വിശ്വാസത്തിന്റെയും ധാർമ്മിക സംസ്കൃതിയുടേയും തായ്‌വേരുകളെ ശക്തിപ്പെടുത്താം. ആ കൃപാശക്തി മക്കളുടെ ജീവിതത്തെ ഫലദായകമാക്കി മഹത്ത്വപ്പെടുത്തും.

ദൈവം നമുക്ക് നൽകിയിരിക്കുന്ന മാതൃസഭാഹൃദയമായ ബലിപീഠത്തിന്റെ അഭിഷേക ചൈതന്യം നമ്മുടേയും നമ്മുടെ തലമുറകളുടേയും മനോഭാവങ്ങളെയും, ചിന്തകളേയും, തീരുമാനങ്ങളേയും, ധാർമ്മികബോധത്തേയും, ജീവിത ശൈലിയേയും രുപപ്പെടുത്തി ഐശ്വര്യപൂർണ്ണമാക്കും. അങ്ങനെ പൈതൃക വിശ്വാസത്തിന്റെ അഭിഷേകമുള്ള സ്വന്തം ആത്മാവിന്റേയും ധർമ്മബോധമുള്ള മനസ്സിന്റേയും ഗന്ധം പ്രവാസി മലയാളിയ്ക്ക് നഷ്ടപ്പെടാതിരിക്കട്ടെ. നമ്മൾ ഏതു പ്രവാസ ജീവിത സാഹചര്യത്തിലാണെങ്കിലും നമ്മുടെ മലയാളി സംസ്ക്കാരത്തിന്റേയും കത്തോലിക്കാ വിശ്വാസത്തിന്റേയും ധാർമ്മിക ബോധത്തിന്റേയും, സദാചാര സംസ്കൃതിയുടേയും നന്മകൾ നഷ്ടപ്പെടുത്താതിരിക്കാം. പാശ്ചാത്യ സദാചാര ശൈലികൾ നമ്മുടെ കെട്ടുറപ്പുള്ള കുടുബ ജീവിതത്തിന്റെ മഹത്ത്വം കളയരുത്. നമ്മുടെ വിശ്വാസ പാരമ്പര്യമനുസരിച്ച് കൗദാശിക വിവാഹത്തോടുകൂടിയാണ് വ്യവസ്ഥാപിതമായ വൈവാഹിക ബന്ധവും, കുടുംബ ജീവിതവും ആരംഭിക്കുന്നത്. ഒത്തുകല്ല്യാണവും, സിവിൾ മാര്യേജും അതിനുവേണ്ടിയുള്ള ഒരുക്കങ്ങളാണ്. ഇക്കാര്യങ്ങൾ വ്യക്തമായും ശക്തമായും

മാതാപിതാക്കൾ സ്വന്തം മക്കളെ ബോദ്ധ്യപ്പെടുത്തണം. കർത്താവിന്റെ ആത്മാവ് അവരുടെ പരിശ്രമങ്ങളിൽ അവർക്ക് ജ്ഞാനവും, ശക്തിയും, പ്രചോദനവും നൽകട്ടെ.

2. **സീറോ മലബാർ മാതൃവേദി:** ഇത് അമ്മമാരുടെ കൂട്ടായ്മ വേദിയാണ്. ആത്മീയവും, ധാർമ്മീകവുമായ മൂല്ല്യങ്ങളുടെ പരിപോഷണത്തിന് കുടുംബങ്ങളിലും ഇടവകയിലും മുൻനിരയിൽനിന്ന് പ്രവർത്തിക്കേണ്ടവരാണ് അമ്മമാർ. അവരുടെ കലർപ്പില്ലാത്ത വിശ്വാസ തീഷ്ണതയും, സമർപ്പണ ചൈതന്യവും നമ്മുടെ കുടുംബങ്ങളേയും, ഇടവക സമൂഹത്തേയും ഐശ്വര്യ സമ്പുഷ്ടമാക്കും. അവരുടെ പ്രാർത്ഥനയും, ത്യാഗപ്രവൃത്തികളും, സാരോപദേശവും ദൈവമക്കളുടെ ജീവിതത്തിന്റെ വഴികളെ പ്രകാശിതമാക്കും. ആയതിനാൽ നമ്മുടെ ഇടവകയിലെ അമ്മമാരുടെ ആത്മീയവും, ധാർമ്മീകവുമായ ശാക്തീകരണത്തിനും, പ്രചോദനത്തിനും വേണ്ടി മാതൃവേദിയുടെ രണ്ട് യൂണിറ്റുകൾ നമ്മുടെ SMC ഇടവകാതലത്തിൽ നമുക്ക് രൂപീകരിക്കാം. നമ്മുടെ ഇടവക കേന്ദ്രമായ മരിയ ലൂർദ്ദിലെ മാതൃവേദി യൂണിറ്റ് Mrs. Jincy Maliyampurackalന്റെ നേതൃത്വത്തിലും, സൈക്കോഗാസ്സെ പള്ളിയിലെ മാതൃവേദി യൂണിറ്റ് Mrs. Tania Arumanatharayilന്റെ നേതൃത്വത്തിലും അവർ രൂപീകരിക്കുന്ന ഓരോ Core Teamന്റെ പിൻബലത്തോടെയും ഇടവകയിലെ വൈദിക നേതൃത്വത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങളോടെയും സുഗമമായി നടത്തുവാൻ യേശുവിന്റെ ആത്മാവ് നമ്മെ സഹായിക്കട്ടെ.

3. **SMC Youth Forum –Juniors**: നമ്മുടെ ഇടവകയുടെ അമൂല്ല്യമായ ഭാഗ്യവും, സമ്പത്തുമാണ് നമ്മുടെ യുവതീയുവാക്കൾ. അവരുടെ വിശ്വാസ പരിപോഷണവും, ഉദാത്തമായ സ്വഭാവരൂപീകരണവും കുടുംബ തലത്തിലും ഇടവക തലത്തിലും നമ്മുടെ ഗൗരവമേറിയ ഉത്തരവാദിത്വമാണ്. ആറ് വയസ്സു മുതൽ പതിനെട്ടു വയസ്സുവരെ അവർക്ക് ഇടവകാതലത്തിൽ വളരെ കാര്യക്ഷമമായി കാറ്റെകെറ്റിക്കൽ പരിശീലനം നൽകുവാൻ സാധിക്കുന്നത് നമ്മുടെ മഹാഭാഗ്യമാണ്. എങ്കിലും അവരുടെ വിശ്വാസ ബോദ്ധ്യങ്ങളെ ശക്തിപ്പെടുത്താനും അവരുടെ സദാചാര ബോധത്തെ ഉണർത്തി നിലനിർത്തുവാനും ഉത്കൃഷ്ടമായ ജീവിതാന്തസ്സ് തെരെഞ്ഞെടുക്കാനും അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ നമ്മുടെ ഇടവകയിലെ പന്ത്രണ്ട് വയസ്സിന് മുകളിലും ഇരുപത്തിരണ്ട് വയസ്സിന് താഴെയുമുള്ള യുവതീ യുവാക്കന്മാരുടെ കൂട്ടായ്മാവേദിയായി ഇടവകാതലത്തിൽ നമുക്ക് SMC Youth Forum –Juniors ന്റെ ഒരു യൂണിറ്റ് മരിയ ലൂർദ്ദിലും മറ്റൊരു യൂണിറ്റ് സൈക്കോഗാസ്സെ പള്ളിയിലും രൂപീകരിക്കാം. അതിനായി നമ്മുടെ ഇടവകയിലെ യുവതീ യുവാക്കളുടെ പേരും വീട്ടുപേരും കോൺടാക്ട് നമ്പറും ഒന്നുകിൽ Mr. Boban Kalapurackalനോ അല്ലെങ്കിൽ Mrs. Daisy Alanyക്കൊ നൽകി എത്രയും വേഗം രജിസ്റ്റർ ചെയ്യേണ്ടതാണ്. നമ്മുടെ യൂത്തിന്റെ ഇപ്പോൾ നിലവിലിരിക്കുന്ന MCC Youth Forum കാര്യക്ഷമമായിത്തന്നെ തുടർന്ന് പ്രവർത്തിക്കുന്നതാണ്.

## Forthcoming Main Events of the Syro Malabar Community - 2020

**1st Nov. 2020**: SMC Parish Festival & First Communion, Solemn Liturgy at 11.30 hrs. in Maria Lourdes. No Malayalam Qurbana on 1st Nov. in Saikogasse 8

**2nd Nov.** : All Souls Day. Memorial Mass in Maria Lourdes at 8.00 hrs. & in Saikogasse at 19.30. (Offertory Collection on this day for the intentions of Memorial Mass)

**6th Nov.** : First Friday Holy Mass and Adoration at 19.15 hrs. in Maria Lourdes.

**19th Nov.** : Holy Mass and Adoration in Saikogasse 8 at 19.30 hrs.

**4th Dec.** : First Friday Holy Mass and Adoration at 19.15 hrs. in Maria Lourdes.

**8th Dec.** : Feast of Mary, Mother of God – Mathavinte Amalothbava Thirunal: Solemn Thanksgiving Qurbana in Maria Lourdes at 18.30 hrs – arranged by SMC Mathruvedi Units of Maria Lourdes and Saikogasse.

**17th Dec.** : Holy Mass and Adoration in Saikogasse at 19.30 hrs.

**25th Dec.** : Solemn Christmas Liturgy in Maria Lourdes at 11.30 hrs & in Saikogasse at 16.00 hrs.

**28th, 29th, 30th:** Marriage Preparation Course from 2.00 PM to 6.00 PM in Maria Lourdes. Maximum 15 Candidates will be admitted to this Course. MN Mask is required. Prior Registration is needed.

**31st. Dec.** : Thanksgiving Holy Mass in Maria Lourdes at 18.30 hrs.

P. Thomas Thandappilly CST: SMC Chaplain. P. Wilson Mecheril MCBS: SMC Assist. Chaplain
*Verleger: Steephen Chevookaran, Media & Communications for the Syro Malabar Community, Vienna*